## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 440** **29.06.2012 ൽ മറുപടിയ്ക്ക്.**

## കാർഷിക മേഖലയിൽ മൊബൈൽ ഗവേർണൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിൽ വിജ്ഞാന സമ്പാദനത്തിനും വിജ്ഞാന വ്യാപനത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി "ലീഡ്സ്" എന്ന പുതിയ പദ്ധതി കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. വിവിധയിനം വിളകളേയും, കൃഷി രീതികളെയും സംബന്ധിച്ച് കർഷകർക്ക് സാങ്കേതിക അറിവുകൾ നൽകുന്നതിന് കാർഷിക വികസന രംഗത്തെ വിദഗ്ദരേയും ഗവേഷകരേയും കർഷകരേയും പങ്കെടുപ്പിച്ചുകൊണ്ട് മുഖാമുഖം സംഘടിപ്പിച്ചു വരുന്നു. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സംസ്ഥാനതല ശിൽപ്പശാലകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിൽ കാലാനുസൃതമായി രൂപം കൊണ്ടുവരുന്ന നൂതന രീതികളേയും സമയബന്ധിതമായി അനുവർത്തിക്കേണ്ട കാർഷിക മുറകളേയും പറ്റി കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് 8 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br>കാർഷിക അനുബന്ധ മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഗവേഷണ ഫലങ്ങളും നൂതന സമ്പ്രദായങ്ങളും കർഷകരിലേക്ക് നേരിട്ട് എത്തിക്കുകയും അതു വഴി കാർഷിക മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് "ആത്മ" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br>പദ്ധതിയിലൂടെ കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, സന്ദർശന പഠന യാത്രകൾ, പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, സ്വാശ്രയ ഉല്പന്ന സംഘങ്ങളുടെ രൂപീകരണം, ശാക്തീകരണം, കർഷകമേളകൾ, പ്രദർശനങ്ങൾ, കൃഷി ശാസ്ത്രജ്ഞൻമാരുമായുള്ള മുഖാമുഖങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കൽ, കർഷകർ തന്നെ നേതൃത്വം നൽകുന്ന ഫാം സ്കൂളുകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ആത്മ മുഖേന നടപ്പിലാക്കി വരുന്നു.<br>കാർഷിക മേഖലയിലെ വിജ്ഞാന സമ്പാദനത്തിനും വ്യാപനത്തിനുമായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ചടയമംഗലത്തു പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രം (ഐ.ഡബ്ള്യൂ.ഡി.എം-കെ) വഴി കർഷകർക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും എല്ലാ വർഷവും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. |
| (ബി) | ഇതിനായി മൊബൈൽ ഗവേർണൻസ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ? | (സി) | കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട വിത്തു മുതൽ വിപണി വരെയുള്ള വിവരങ്ങൾ അവരുടെ മൊബൈൽ ഫോണിലേയ്ക്ക് ശബ്ദ സന്ദേശങ്ങളായും എസ്എംഎസ് സംവിധാനം വഴിയും ലഭ്യമാക്കുന്നതിന് മൊബൈൽ ഗവേർണൻസ് പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി വോയിസ് മെസ്സേജ്, എസ്എംഎസ് എന്നിവ, വിളകളും പ്രാദേശിക കാർഷിക മേഖലകളും പരിഗണിച്ച്, കർഷകർക്ക് അയയ്ക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി മാനേജ്മെന്റ് കേരള (IIITMK) യുടെ സാങ്കേതിക സഹായത്തോടു കൂടി തയ്യാറാക്കുകയും കൃഷി ഭവനുകൾ വഴി കർഷകരുടെ മൊബൈൽ ഫോൺ നമ്പർ ശേഖരിച്ച് വോയിസ് മെസ്സേജ് എസ്എംഎസ് എന്നിവ 14.04.2012 (വിഷു ദിനം) മുതൽ ആഴ്ചയിൽ രണ്ടു ദിവസം കർഷകരുടെ മൊബൈൽ ഫോണിലേയ്ക്ക് അയച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ